പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 167     30/11/2015 -ൽ മറുപടിയ്ക്ക്

**മദ്യവില്പനകേന്ദ്രങ്ങൾ പൂട്ടുന്നതിനുള്ള മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.ചന്ദ്രൻ | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെമദ്യവില്പന കേന്ദ്രങ്ങൾ പൂട്ടിയത് എന്തെങ്കിലും മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണോ; | (എ) | സർക്കാരിന്റെ മദ്യനയത്തിന്റെയും അതു പ്രകാരം പുറത്തിറക്കിയ 22/8/2014-ലെ ജി.ഒ(എം.എസ്) നം.139/2014/നി.വ., 20/12/2014-ലെ ജി.ഒ.(എം.എസ്)നം. 205/2014/ നി.വ., 30/9/2014-ലെ സ.ഉ(സാധ) നം.791/2014/നി.വ., 31/12/2014-ലെ സ.ഉ(സാധ) നം.1047/2014/ നി.വ, 1/10/2015-ലെ സ.ഉ(സാധ) നം.752/2015/നി.വ. എന്നീ ഉത്തരവുകളുടെയും അടിസ്ഥാന ത്തിലാണ് സംസ്ഥാനത്തെ മദ്യവില്പന കേന്ദ്രങ്ങൾ പൂട്ടിയത്. |
| (ബി) | ആണെങ്കിൽ ദേശീയ പാതയോരത്തുള്ള വില്പന കേന്ദ്രങ്ങൾ അവിടെ നിന്നും മാറ്റണമെന്നുള്ള ഹൈക്കോടതിയുടെ നിർദ്ദേശം സംസ്ഥാനത്തു നടപ്പിലാക്കിയിട്ടുണ്ടോ ; | (ബി) | ദേശീയ പാതയോരത്തുള്ള വില്പന കേന്ദ്രങ്ങൾ അവിടെ നിന്നും മാറ്റണമെന്നുള്ള ഹൈക്കോടതിയുടെ നിർദ്ദേശം ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്. |

(സി) കഴിഞ്ഞവർഷം എത്ര മദ്യ വില്പനശാലകളാണ് പൂട്ടിയത്;

(സി) 2014-ൽ ഒക്ടോബർ 2-ന് കെ.എസ്.ബി.സിയുടെ കീഴിൽ പ്രവർത്തിച്ചിരുന്ന 34 ഉം കൺസ്യൂമർ ഫെഡിന്റെ 5 ഉം എഫ്.എൽ.1-ഷോപ്പുകൾ അടച്ചുപൂട്ടിയിട്ടുണ്ട്.

(ഡി) വർഷം തോറും 10% വില്പന കേന്ദ്രങ്ങൾ പൂട്ടുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം കേരളത്തിൽ എത്ര വില്പനകേന്ദ്രങ്ങളാണ് പൂട്ടേണ്ടിയിരുന്നത്;

(ഡി) വർഷം തോറും10% വില്പന കേന്ദ്രങ്ങൾ പൂട്ടുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ഈവർഷം കേരളത്തിൽ 39 ഷോപ്പുകളാണ് പൂട്ടേണ്ടിയിരുന്നത്.

(ഇ) ഇതിൽ എത്ര കേന്ദ്രങ്ങളാണ് പൂട്ടിയിട്ടുള്ളതെന്ന വ്യക്തമാക്കുമോ; 10% വില്പന കേന്ദ്രങ്ങൾ പൂട്ടിയിട്ടില്ലെങ്കിൽ എന്താണ് കാരണമെന്ന വ്യക്തമാക്കുമോ?

(ഇ) 2015 ജനുവരി 1 ന് കെ.എസ്.ബി.സിയുടെ 12 ഉം കൺസ്യൂമർ ഫെഡിന്റെ 1 ഉം എഫ്.എൽ 1 ഷോപ്പുകളും തുടർന്ന് 2015 ഒക്ടോബർ 2-ന് കെ.എസ്.ബി.സിയുടെ 22 ഉം കൺസ്യൂമർ ഫെഡിന്റെ 4 ഉം എഫ്.എൽ1 ഷോപ്പുകൾ 2015 വർഷത്തിൽ അടച്ചുപൂട്ടിയിട്ടുണ്ട്. അതായത് 10% വിൽപ്പന കേന്ദ്രങ്ങൾ രണ്ടു ഘട്ടങ്ങളിലായി പൂട്ടിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ